LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2004-05-ൽ തുടങ്ങിയ കേന്ദ്ര സഹായ പദ്ധതിയാണ് സംയോജിത രോഗപര്യവേഷണ പദ്ധതി അഥവാ ഐ.ഡി.എസ്.പി. ഇതനുസരിച്ച് ഫീൽഡ് തലത്തിൽ നിന്നും 'S' ഫോമിലും ആശുപത്രികളിൽ നിന്നും 'P' ഫോമിലും ലബോറട്ടറികളിൽ നിന്നും 'L' ഫോമിലും രോഗവിവരങ്ങൾ ശേഖരിച്ച് ജില്ലാ ആസ്ഥാനത്തുള്ള ഐ.ഡി.എസ്.പി. സെല്ലിലേയ്ക്ക് അയയ്ക്കുന്നു. ജില്ലാ ആസ്ഥാനത്ത് കൺസോളിഡേറ്റ് ചെയ്ത ഡാറ്റ സംസ്ഥാന ആസ്ഥാനത്തുള്ള ഐ.ഡി.എസ്.പി. സെല്ലിലേയ്ക്ക് അയയ്ക്കുന്നു. സംസ്ഥാനത്ത് നിന്നും കൺസോളിഡേറ്റ് ചെയ്ത ഡാറ്റ ഡൽഹിയിലുള്ള സെൻട്രൽ സർവയലൻസ് യൂണിറ്റിലേയ്ക്കും അയയ്ക്കുന്നു. ഇതിലേയ്ക്കായി 14 ജില്ലാ ആസ്ഥാനത്തും ജില്ലാ സർവയലൻസ് യൂണിറ്റും സംസ്ഥാന തലസ്ഥാനത്ത് സംസ്ഥാന സർവയലൻസ് യൂണിറ്റും പ്രവർത്തിക്കുന്നു.

(സി) സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേക തുക വകയിരുത്തിയിട്ടില്ല. കേന്ദ്ര പദ്ധതിയായ ഐ.ഡി.എസ്.പി.യുടെ 2010-11-ലെ ഫണ്ട് എൻ.ആർ.എച്ച്.എം. ഫണ്ടിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഐ.ഡി.എസ്.പി.ക്ക് സംസ്ഥാനതലത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മിറ്റിയുണ്ട്. ജില്ലാതലത്തിൽ ജില്ലാ മെഡിക്കൽ ആഫീസർ ഉൾപ്പെടുന്ന മോണിറ്ററിംഗ് കമ്മിറ്റിയുമുണ്ട്.

(ഇ) സെലക്ട് ചെയ്ത ലബോറട്ടറികൾ മെച്ചപ്പെടുത്തുന്നതിനും ട്രെയിനിംഗിനും കേന്ദ്ര സർക്കാർ ഉപകരണങ്ങളും സാങ്കേതിക സഹായവും നൽകാറുണ്ട്. കൂടാതെ ജില്ല/സംസ്ഥാന ഐ.ഡി.എസ്.പി. സെല്ലുകളിലുള്ള ഡേറ്റാ മാനേജർ, ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ജില്ലാതല എപ്പിഡമോളജിസ്റ്റ്/ എന്റമോളജിസ്റ്റ് എന്നിവരുടെ ശമ്പളം, ട്രെയിനിംഗിനായുള്ള ധനസഹായം എന്നിവയും നൽകാറുണ്ട്. ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വീഡിയോ കോൺഫറൻസിംഗിന് വേണ്ടിയുള്ള ഉപകരണങ്ങൾ നൽകിയിട്ടുമുണ്ട്.

ആംബുലൻസ് സർവ്വീസ് സംബന്ധിച്ച ക്രമക്കേടുകൾ

38 (6190) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവൻരക്ഷാ ഉപകരണങ്ങളോടുകൂടിയ ആംബുലൻസുകളുടെ എമർജൻസി മെഡിക്കൽ സർവ്വീസുകളിൽ തിരുവനന്തപുരം ജില്ലയിൽ എത്ര എണ്ണമാണ് പ്രവർത്തിക്കുന്നത് ;

(ബി) ഈ ആംബുലൻസുകളുടെ സേവനം 24 മണിക്കൂറും ലഭ്യമാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത് ;

(സി) എന്തൊക്കെ ജീവൻരക്ഷാ ഉപകരണങ്ങളാണ് ഈ ആംബുലൻസുകളിൽ സജ്ജീകരിച്ചിരിക്കുന്നത് ;

(ഡി) അത്യാസന്നനിലയിലെത്തുന്ന രോഗികൾക്ക് അടിയന്തര ചികിത്സാ സഹായം നൽകുന്നതിന് യോഗ്യതയുള്ള ഏതെല്ലാം മെഡിക്കൽ പാരാമെഡിക്കൽ സ്റ്റാഫുകളുടെ സേവനമാണ് ഈ ആംബുലൻസിൽ ലഭ്യമാക്കിയിരിക്കുന്നത് ;

(ഇ) പൂർണ്ണ സജ്ജീകരണങ്ങളോടെ പ്രവർത്തിക്കുന്ന ഒരു ആംബുലൻസ് വാഹനത്തിന് വാഹനനില ഉൾപ്പെടെ എന്ത് തുകയാണ് ചെലവഴിച്ചിട്ടുള്ളത് ;

(എഫ്) വാഹനങ്ങൾ വാങ്ങിയതിലും ജീവൻ രക്ഷാ ഉപാധികൾ സജ്ജീകരിച്ചതിലും നടന്നതായി പറയുന്ന ക്രമക്കേടുകളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) 25 എണ്ണം

(ബി) ആംബുലൻസുകളുടെ സേവനം ദിവസം മുഴുവനും ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം, 24 മണിക്കൂറും സേവന സന്നദ്ധരായ ഡ്രൈവർമാർ, എമർജൻസി ടെക്നീഷ്യൻമാർ എന്നിവരെയും സജ്ജരാക്കിയിട്ടുണ്ട്.

(സി) ആംബുലൻസിൽ സജ്ജീകരിച്ചിട്ടുള്ള ജീവൻ രക്ഷാ ഉപകരണങ്ങളുടെ പേരുകൾ അനുബന്ധമായി ചേർക്കുന്നു. *

(ഡി) ബി.എസ്.സി. നഴ്സിംഗ് കഴിഞ്ഞ് ഒരു വർഷം ICU/Casualty പ്രവർത്തന പരിചയം ഉള്ളതും Advanced Emergency Medical Technician Training ലഭിച്ച വ്യക്തികളോ, നഴ്സിംഗ് ഡിപ്ലോമയും രണ്ട് വർഷം ICU/ Casualty പ്രവർത്തന പരിചയവും Advanced Emergency Medical Technician Training ലഭിച്ച വ്യക്തികളോ ആണ് ആംബുലൻസിൽ രോഗികൾക്ക് അടിയന്തര ചികിത്സാ സഹായം നൽകുന്നത്. കൂടാതെ ആംബുലൻസിലെ എല്ലാ ഡ്രൈവർമാർക്കും Basic Life Support Training ലഭിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഡലിവറി വാൻ വാങ്ങി അഡ്വാൻസ്ഡ് ലൈഫ് സേവിംഗ് (ALS) ആംബുലൻസായി സജ്ജമാക്കുന്നതിന് ഒരു ആംബുലൻസിന് വാഹനവില ഉൾപ്പെടെ 31.9 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(എഫ്) ഇത്തരത്തിലുള്ള ഒരു പരാതിയും നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ആശാ പ്രവർത്തകരുടെ സേവനം

39 (6191) ശ്രീമതി കെ. കെ. ലതിക :
ശ്രീ. പി. ശശികുമാർ :
ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആശാ പ്രവർത്തകരുടെ സേവനം സമൂഹത്തിന് എന്തു മാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ;

(ബി) ആശാ പ്രവർത്തകർക്ക് നൽകുന്ന ഇൻസെന്റീവ് എന്തെല്ലാമാണ് ?

ഉത്തരം

(എ) ആശാ പ്രവർത്തകരുടെ സേവനം സമൂഹത്തിന് എത്ര പ്രയോജനപ്പെട്ടിട്ടുണ്ട്എന്ന് വിലയിരുത്തുന്നതിനുള്ള ഒരു പഠനം കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടന്നുവരുന്നു. ആശാപ്രവർത്തകരുടെ സേവനം വിലയിരുത്തുന്നത് അതാത് സ്ഥലത്ത് അവർ നടത്തുന്ന പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിലാണ്. ഇതിന്റെ അടിസ്ഥാനത്തിലാണ് അവർക്ക് ഇൻസെന്റീവും നൽകുന്നത്.

(ബി) ആശാപ്രവർത്തകർക്ക് നൽകുന്ന ഇൻസെന്റീവുകൾ താഴെ പറയുന്നവയാണ്.

1. പരിശീലനങ്ങൾക്ക് യഥാർത്ഥ യാത്രാപ്പടി.

2. പരിശീലന ദിവസങ്ങൾക്ക് 100 രൂപ വീതം ക്ഷാമബത്ത.

3. ആരോഗ്യ സ്ഥാപനങ്ങളിൽ മാസംതോറും നടക്കുന്ന മീറ്റിംഗിന് 100 രൂപ.

4. ജനനി സുരക്ഷാ യോജന പ്രകാരം ഒരു ഗുണഭോക്തൃവിനെ സഹായിക്കുന്നതിന് 200 രൂപ.

5. മാസംതോറും നടക്കുന്ന പ്രതിമാസ കുത്തിവെയ്പുകൾക്ക് കുട്ടികളെ കൊണ്ടുവരുന്നതിന് 100 രൂപ (കുറഞ്ഞത് 5 കുട്ടികളെ എങ്കിലും)

6. വന്ധ്യംകരണത്തിന് സ്ത്രീകളെ പ്രേരിപ്പിക്കുന്നതിന് 150 രൂപയും പുരുഷൻമാർക്ക് 200 രൂപയും

7. വാർഡുതല ആരോഗ്യ പോഷക ദിനം സംഘടിപ്പിക്കുന്നതിന് 150 രൂപ (കുറഞ്ഞത് 25 പേരെയെങ്കിലും പങ്കെടുപ്പിക്കണം)

8. തിമിര ശസ്ത്രക്രിയയ്ക്ക് പ്രേരണ നൽകി ശസ്ത്രക്രിയ നടത്തുകയും ചെയ്യുന്നതിന് 175 രൂപ (ഒരു കണ്ണിന്)

LIBRARY ARCHIVES Kerala Legislative Assembly